**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 232** **22-01-2021 - ൽ മറുപടിയ്ക്ക്**

**ഗോത്ര വാത്സല്യനിധി പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. രാജു എബ്രഹാം,<br>ശ്രീ എ. എൻ. ഷംസീർ,<br>ശ്രീമതി യു. പ്രതിഭ ,<br>ശ്രീ .സി .കെ .ശശീന്ദ്രൻ | | Shri A. K. Balan<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെൻററികാര്യവും വകുപ്പുമന്ത്രി) | |
| (എ) | സംസ്ഥാനത്ത് പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട പെൺകുട്ടികളുടെ ആരോഗ്യം, വിദ്യാഭ്യാസം, സാമൂഹ്യസുരക്ഷ എന്നിവ ഉറപ്പ് വരുത്തുന്നതിനായി ഗോത്ര വാത്സല്യനിധി പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ടോ; | (എ) | നടപ്പിലാക്കിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതിയിൽ അംഗമായി ചേരുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് അറിയിയ്ക്കാമോ; | (ബി) | പ്രസ്തുത പദ്ധതിയിൽ അംഗമായി ചേരുന്നതി നുള്ള മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു. 1. ഗോത്രവാത്സല്യനിധി പദ്ധതിയിൽ പേര് ചേർക്കുന്ന പട്ടികവർഗ്ഗ പെൺകുട്ടികളുടെ രക്ഷകർത്താക്കളുടെ വാർഷിക വരുമാനം 5 ലക്ഷം രൂപയിൽ കുറവായിരിക്കണം. 2. മാതാപിതാക്കളിൽ ആരെങ്കിലും ഒരാൾ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ആളാണെങ്കിൽ അവരുടെ മകൾക്ക് (01/04/2017 മുതൽ ജനിച്ചത്) ഗോത്രവാൽസല്യനിധി പദ്ധതിയിൽ പേര് രജിസ്റ്റർ ചെയ്യാവുന്നതാണ്. 3. കുട്ടിയുടെ ജനന സർട്ടിഫിക്കറ്റ്, ജനന തീയതി, മാതാപിതാക്കളുടെ ആധാർ നമ്പർ, ബാങ്ക് അക്കൗണ്ട് നമ്പർ, പേര്, മേൽവിലാസം, ജനനതീയതി തുടങ്ങിയ വിവരങ്ങൾ സഹിതം ബന്ധപ്പെട്ട ട്രൈബൽ എക്സ്റ്റൻഷൻ ആഫീസർമാർക്ക് അപേക്ഷ സമർപ്പി ക്കാവുന്നതാണ്. |
| (സി) | ഈ പദ്ധതിയുടെ നടത്തിപ്പിനായി നാളിതുവരെ എത്ര തുക ചെലവഴിച്ചുവെന്നും എത്ര പെൺകുട്ടികളെ ഇതിൽ അംഗമായി ചേർത്തുവെന്നുമുള്ള കണക്ക് ലഭ്യമാണോ; | (സി) | ഗോത്ര വാത്സല്യനിധി പദ്ധതിയിൽ ഇതുവരെ 8.15 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. 2088 പട്ടികവർഗ്ഗ പെൺകുട്ടികളെ ഇൻഷ്വർ ചെയ്തിട്ടുണ്ട്. |
| (ഡി) | പ്രസ്തുത പദ്ധതി പ്രകാരം എന്തെല്ലാം ധനസഹായമാണ് ഒരു അംഗത്തിന് ലഭിക്കുന്നതെന്ന് വ്യക്തമാക്കാമോ? | (ഡി) | പദ്ധതിയുടെ ഗുണഭോക്താക്കളായ കുടുംബങ്ങൾക്ക് താഴെ പറയുന്ന ആനുകൂല്യങ്ങൾ ലഭിക്കുന്നു. 1. ഇൻഷ്വർ ചെയ്ത പെൺകുട്ടിക്ക് 2 വയസ്സ് |

| | | | |
|---|---|---|---|
| | | | പൂർത്തിയാകുകയും ആവശ്യമായ പ്രതിരോധകുത്തിവയ്പ്പുകൾ എടുത്തതിന്റെ രേഖകൾ ഹാജരാക്കുകയും ചെയ്യുമ്പോൾ പെൺകുട്ടിയുടെ മാതാപിതാക്കൾക്ക് 2000/- രൂപ എൽ.ഐ.സിയിൽ നിന്നും ധനസഹായം ലഭ്യമാകും. 2. പെൺകുട്ടിയ്ക്ക് 5 വയസ് പൂർത്തിയായി സ്കൂളിൽ/അംഗൻവാടിയിൽ പേര് രജിസ്റ്റർ ചെയ്യുമ്പോൾ 3000/- രൂപ ധനസഹായമായി എൽ.ഐ.സി മുഖേന രക്ഷിതാക്കൾക്ക് ലഭിക്കുന്നു. 3. പെൺകുട്ടിയ്ക്ക് 10 വയസ് പൂർത്തിയായി നാലാം ക്ലാസിൽ പ്രവേശിക്കുമ്പോൾ 5000/- രൂപ ധനസഹായമായി എൽ.ഐ.സി മുഖേന രക്ഷിതാക്കൾക്ക് ലഭിക്കുന്നു. 4. പെൺകുട്ടി പത്താം ക്ലാസ്സ് പഠനം പൂർത്തിയാക്കുമ്പോൾ 10,000/- രൂപ പെൺകുട്ടിയുടെ രക്ഷിതാക്കൾക്ക് ധന സഹായമായി എൽ.ഐ.സി മുഖേന ലഭ്യമാകും. 5. പെൺകുട്ടിക്ക് 18 വയസ്സ് പൂർത്തിയാകു മ്പോൾ ഇൻഷ്വറൻസ് തുക ലംപ്സം ആയി പെൺകുട്ടിക്ക് ലഭിക്കും. ഇൻഷ്വർ ചെയ്യപ്പെട്ട പെൺകുട്ടികളുടെ മാതാപിതാക്കളിൽ ഒരാൾ മരണപ്പെട്ടാൽ താഴെപറയുന്ന ആനുകൂല്യം ലഭിക്കുന്നു. 1. അപകട മരണം - 4 ലക്ഷം രൂപ അനന്തരാവകാശികൾക്ക് ലഭിക്കുന്നു. 2. സാധാരണ മരണമാണെങ്കിൽ 2 ലക്ഷം രൂപ അനന്തരാവകാശി കൾക്ക് ലഭിക്കുന്നു. 3. കൂടാതെ മാതാപിതാക്കളിൽ രണ്ടാ മത്തെയാൾ മരണപ്പെട്ടാൽ 2 ലക്ഷം രൂപ ലഭിക്കുന്നു. ഇൻഷ്വർ ചെയ്യപ്പെട്ട പെൺകുട്ടികളുടെ മാതാപിതാക്കൾക്ക് അപകടം സംഭവിച്ചാൽ ചുവടെ പറയും പ്രകാരം ആനുകൂല്യം ലഭിക്കുന്നു. 1. അപകടം മൂലം പൂർണമായും ശാരീരികക്ഷമത നഷ്ടപ്പെട്ടാൽ 2 ലക്ഷം രൂപ ലഭിക്കുന്നു. 2. അപകടംമൂലം ഭാഗികമായി ശാരീരികക്ഷമത നഷ്ടപ്പെട്ടാൽ 1 ലക്ഷം രൂപ ലഭിക്കുന്നു. |

സെക്ഷൻ ഓഫീസർ